# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 3/1491/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 3/1491/2023 തീയ്യതി: 01/11/2023

## കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-03-2023 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 05-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-09-2023 | 05-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ സി.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. വാസു എം.എം | സെക്രട്ടറി | 01-04-2022 | 09-11-2022 |
| ശ്രീ. സന്തോഷ് സി,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-11-2022 | 06-12-2022 |
| ശ്രീമതി രാജശ്രീ സി.എച്ച്. | സെക്രട്ടറി | 07-12-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സന്തോഷ് സി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. നിസാർ യു.പി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. വിജയൻ കെ.കെ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി അമിതഗോപാൽ | കൃഷി ഓഫീസർ | 01-04-2022 | 28-10-2022 |
| ശ്രീമതി അഖില കെ | കൃഷി ഓഫീസർ | 29-10-2022 | 31-03-2023 |
| ഡോ.ആലിക്കുട്ടി വി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സജിത് വി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ഗ്രീഷ്മപ്രിയ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.നിധിൻദേവ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 13-01-2023 |
| ഡോ. ജോൽസ്ന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 14-01-2023 | 31-03-2023 |
| ശ്രീമതി ഷരീഫ കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിതിയ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രദീപൻ | ഹെഡ്മാസ്റ്റർ ,ജി.എസ്.ടി.എസ് തിരൂർ | 01-03-2023 | 31-03-2023 |
| ശ്രീ മഹേഷ് | ഡയറി ഫാം ഇൻസ്പക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | വാര്‍ഷികകണക്കില്‍ എല്ലാ പത്രികകളും ഉള്‍പ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ-പത്രികയിലെ അപാകതകള്‍ | 1-1-2 |
| 4 | ചെക്ക് തുകകള്‍ നാളിതുവരെ ക്രെഡിറ്റ് ആകാത്തത് | 1-1-3 |
| 5 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീര്‍ഷകത്തില്‍ ചെലവ് ബുക്ക് ചെയ്തില്ല | 1-1-4 |
| 6 | രജിസ്റ്ററുകള്‍ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | ഇ-ടെണ്ടര്‍ ഫീ | 1-1-6 |
| 8 | തനത് ഫണ്ട് ചെലവുകള്‍ സംബന്ധിച്ച് | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എന്‍ട്രികള്‍ രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | ആസ്തികള്‍ക്ക് തേയ്മാനം രേഖപ്പെടുത്തിയത് സംബന്ധിച്ച് | 1-1-9 |
| 11 | ചെലവ് വ്യത്യാസം. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | ഫണ്ട് വിനിയോഗ പത്രികയിലെ അപാകതകള്‍- | 1-4-1 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 18 | ക്യാഷ് പരിശോധന | 1-7 |
| 19 | ടാക്സ് ഓഡിറ്റ് | 1-8 |
| 20 | തൊഴില്‍ നികുതി അപാകതകള്‍ | 1-9 |
| 21 | സംരംഭക ലൈസന്‍സ് -അപാകതകള്‍ | 1-10 |
| 22 | ക്ഷേമപെന്‍ഷന്‍ വിതരണത്തിലെ അപാകതകള്‍ | 1-11 |
| 23 | അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കള്‍ക്ക് ഭക്ഷണം നല്‍കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-12 |
| 24 | ആസൂത്രണ സമിതിയുടെ പ്രവര്‍ത്തനങ്ങളില്‍ വീഴ്ച | 1-13 |
| 25 | കന്നുകുട്ടി പരിപാലനം വിശദാംശങ്ങള്‍ ലഭ്യമല്ല | 1-14 |
| 26 | ഉദ്യോഗസ്ഥരുടെ അഭാവം കാര്‍ഷിക മേഖലയിലെ പദ്ധതി നിര്‍വ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു | 1-15 |
| 27 | ബഡ്സ് റിഹാബിലിറ്റേഷന്‍ സെന്റര്‍ നടത്തിപ്പ് - ആവശ്യമായ | 1-16 |

| | | |
|---|---|---|
| | ജീവനക്കാരെ നിയമിക്കാത്തതും മറ്റ് അപാകതകളും | |
| 28 | മൃഗ സംരക്ഷണ മേഖലയിൽ മാനദണ്ഡങ്ങൾക്ക് പാലിക്കാതെ സബ്സിഡി തുക സഹകരണ ബേങ്കുകൾക്ക് കൈമാറുന്നു | 1-17 |
| 29 | റോഡുകൾക്ക് ഓവുചാൽ നിർമ്മാണം- ഉപയോഗിച്ച ഇനങ്ങളുടെ ആവശ്യകത വ്യക്തമല്ല | 1-18 |
| 30 | ഇ ടെണ്ടർ - ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 1-19 |
| 31 | അക്കൗണ്ട്സ്-തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ രേഖപ്പെടുത്തുന്നത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്കനുസൃതമല്ല | 1-20 |
| 32 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-21 |
| 33 | തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-22 |
| 34 | കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത് | 1-23 |
| 35 | കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച | 1-24 |
| 36 | പുഴ പുറമ്പോക്ക് സംരക്ഷണത്തിൽ വീഴ്ച | 1-25 |
| 37 | പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളിലെ അപാകതകൾ | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 06.07.2023 തിയ്യതിയിലെ 1/1 തീരുമാന പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31- ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷികകണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ-റേഷ്യോസ്, അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ

### 1-1-2 ക്യാഷ് ഫ്ലോ-പത്രികയിലെ അപാകതകൾ

വാർഷിക കണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും

തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ്-ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ക്യാഷ്-ഫ്ലോ 582814/- രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 10676478/- രൂപയുമാണ്.

1-1-3 ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആകാത്തത്

ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല.

കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് നം-9067

| ചെക്ക് നം/തിയ്യതി | തുക |
|---|---|
| 038428 /01-02-2021 | 6250 |
| 2054858/19.03.2018 | 8750 |
| 038429/05-02-2021 | 1250 |
| ആകെ തുക | 16250 |

1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

ഉദാ- പ്രോജക്ട് അസിസ്റ്റന്റിന് സാലറി നൽകിയത് "Earned Leave Surender And Terminal Surrender Of Contract Staff For The Year 2021-22 And 22-23" (Head Code-210300206)എന്ന ഇനത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്.

1-1-5 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ ചുവടെ ചേർക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഉദാ-ലോൺ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ

1-1-6 ഇ-ടെണ്ടർ ഫീ

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച്

കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങൾ-2011 ലെ ചട്ടം-27 ന് വിരുദ്ധമായി ചില തനത് ഫണ്ട് ചെലവുകൾ Other Creditors എന്ന Liability ഹെഡിലാണ് ബുക്ക് ചെയ്യപ്പെടുന്നത്. തനത് ഫണ്ട് ചെലവുകളുടെ കാര്യങ്ങൾ ഖണ്ഡിക 1-20 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

1-1-9 ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയത് സംബന്ധിച്ച്

ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

1-1-10 ചെലവ് വ്യത്യാസം.

എ.സി.ആർ- ലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം.

ഉദാ-വികസനഫണ്ട്-ജനറൽ, മെയിന്റനൻസ്-നോൺ റോഡ്

| ഇനം | എ.സി.ആർ | വാർഷിക കണക്ക് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 21921917 | 23776060 | 1854143 |
| മെയിന്റനൻസ്-നോൺ റോഡ് | 5366350 | 3926217 | 1440113 |

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 23.03.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24142198 |
| വരവ് | 46870302 |
| ആകെ | 71012500 |
| ചെലവ് | 36193824 |
| നീക്കിയിരിപ്പ് | 34818676 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21921917 | 21921917 | 21921917 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 853069 | 853069 | 853069 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 410201 | 410201 | 366000 | 44201 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17258000 | 17258000 | 15321845 | 1936155 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6671000 | 6671000 | 5366350 | 1304650 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (Tied) | PFMS | 6999204 | 8133000 | 15132204 | 3435835 | 1169369 |
| | TREASURY | 0 | 1656942 | 1656942 | 1535304 | 121638 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ-ടൈഡ് (Untied) | PFMS | 1609574 | 5824529 | 7434103 | 5048496 | 2385607 |
| | TREASURY | 0 | 193259 | 193259 | 186122 | 7137 |

### 1-4-1 ഫണ്ട് വിനിയോഗ പത്രികയിലെ അപാകതകൾ-

1.സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ടൈഡ്(പി.എഫ്.എം.എസ്) ഇനത്തിൽ ഗ്രാന്റ് വിനിയോഗപത്രിക പ്രകാരം ബാലൻസ് തുക 11696369/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ബാലൻസ് തുക 5847733/- രൂപയാണ്. ഇവ തമ്മിൽ 5848636/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു. കൂടാതെ സി.എഫ്.സി അൺടൈഡ് ഇനത്തിൽ ബി-4 സ്റ്റേറ്റ്മെന്റും, ഗ്രാന്റ് വിനിയോഗ പത്രികയും തമ്മിൽ 5848636/- രൂപയുടെ വ്യത്യാസം കാണിക്കുന്നു.

2.ഐ.കെ.എം ചെലവ് പത്രികയിൽ യഥാർത്ഥത്തിൽ ചെലവ് ചെയ്യാത്ത തുകകൾ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്-പി.എഫ്.എം.എസ്) ഇനത്തിൽ എ.സി.ആർ പ്രകാരം ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| പ്രോജക്ട് നം/പേര് | എ.സി.ആർ പ്രകാരം ചെലവ് തുക | ഐ.കെ.എം ചെലവ് പത്രിക പ്രകാരം ചെലവ് തുക |
|---|---|---|
| 24/22-23.ഓവുചാൽ നിർമ്മാണം | 999361/- | 0 |
| 77/22-23.മാക്കാവ് കോളനി പൊതുകിണർ പരിഷ്കരണം | 94181/- | 0 |
| 80/22-23.എം.സി.എഫ് | 342751/- | 0 |
| ആകെ | 1436563 | |

3. ഓഡിറ്റ് വർഷത്തിൽ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്-പി.എഫ്.എം.എസ്) ഇനത്തിൽ "അങ്കണവാടികൾ അറ്റകുറ്റപ്പണി (പ്രോജക്ട് നം-15/22-23)" പ്രകാരം 1414972 രൂപ എ.സി.ആറിൽ ചെലവായി ബുക്ക് ചെയ്തിട്ടുണ്ട്. എന്നാൽ ഐ.കെ.എം ചെലവ് പത്രികയിൽ മേൽ പ്രോജക്ടിന് തുക ചെലവഴിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് .

## 1-5 പദ്ധതി അവലോകനം

തൻവർഷം 163 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 127 പ്രൊജക്ടുകൾ നടപ്പിലാക്കി. 150312564 രൂപ വകയിരുത്തിയതിൽ 68783039 രൂപയാണ് ചെലവഴിച്ചത്. തൻവർഷം ലഭിച്ച തുകയിൽ 3413781 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ട് | ലാപ്സായ തുക |
|---|---|
| ടി.എസ്.പി | 44201 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 1936155 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | 1304650 |
| സി.എഫ്.സി ടൈഡ് (ട്രഷറി മുഖേന) | 121638 |
| സി.എഫ്.സി അൺടൈഡ് (ട്രഷറി മുഖേന) | 7137 |
| ആകെ | 3413781 |

കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന പദ്ധതികൾ കൃഷി ഓഫീസർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ആവശ്യമായ ജീവനക്കാരില്ലാത്തത് കാർഷിക മേഖലയിലെ പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മത്സ്യമേഖല, വനിത, ചെറുകിട വ്യവസായ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ച നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം പ്രവർത്തിക്കുന്നില്ല. മൃഗസംരക്ഷണ മേഖലയിൽ പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ സബ്സിഡി തുക സഹകരണബാങ്കിലേക്ക് കൈമാറുന്ന പ്രവണത കാണുന്നു.(ഖണ്ഡിക 1-17 കാണുക). ബി.ആർ.സിയിൽ ആവശ്യത്തിന് വാഹന സൗകര്യമോ ജീവനക്കാരോ സ്വന്തമായി കെട്ടിടമോ ഇല്ല. പദ്ധതിവർഷം ആസൂത്രണ സമിതി ഒരു യോഗം മാത്രമാണ് ചേർന്നത്. യോഗത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ വിവിധ പദ്ധതികൾ നിർദ്ദേശിക്കുക എന്ന പ്രവർത്തനം മാത്രമാണ് നടന്നിരിക്കുന്നത്. എന്നാൽ പദ്ധതികൾ നിർദ്ദേശിക്കേണ്ട പ്രവർത്തനം നടക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. ആയത് നടപ്പിലാക്കിയിട്ടില്ല. വരും വർഷങ്ങളിൽ മേൽ അപാകതകൾ പരിഹരിക്കുംവിധം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 04.10.2023 ലെ ഐ.എൽ.ജി.എം.എസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 422 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. സെക്രട്ടറിയുടെ കൈവശം 293 ഫയലുകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, കമ്മ്യൂണിറ്റിഹാൾ റെന്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ അളവ് പുസ്തകത്തിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പുഴ-പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.06.2023 തീയതിയിലെ 3-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം നിലവിലെ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയവയുടെയും നികുതി നിർണ്ണയം നടത്താത്ത പുതിയ കെട്ടിടങ്ങളുടെയും പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം പുതുക്കിയ വസ്തുനികുതി നിരക്കിലേക്ക് കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുന്നതിനും ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വസ്തുനികുതി പുനർ നിർണ്ണയിച്ചത് വിജ്ഞാപനം ചെയ്തതല്ലാതെ തുടർനടപടികളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.10.2023 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33510 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ടാക്സ് ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. നികുതിയിനത്തിൽ വസ്തുനികുതി, തൊഴിൽനികുതി എന്നിവയും ഫീ ഇനത്തിൽ സംരംഭക ലൈസൻസ് ഫീ, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീ എന്നിവയുമാണ് പ്രധാന തനത് വരുമാന സ്രോതസ്സുകൾ. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്.

### കെട്ടിടങ്ങൾ സംബന്ധിച്ച വിവരം

ഗ്രാമപഞ്ചായത്തിൽ നിന്ന് സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലായി കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളവ | 8505 |
| വാണിജ്യകെട്ടിടങ്ങൾ | 1451 |
| വിദ്യാഭ്യാഭ്യാസ ആവശ്യം | 9 |

| | |
|---|---|
| ആശുപത്രികൾ | 0 |
| അസംബ്ലി കെട്ടിടം | 26 |
| വ്യവസായം | 25 |
| ഇതര വ്യവസായം | 12 |
| നികുതി ഒഴിവാക്കപ്പെട്ടവ | 263 |
| ടെലിഫോൺ ടവർ | 7 |
| ആരാധനാലയം | 36 |
| കാർഷികാവശ്യം | 3 |
| ആകെ | 10337 |

നികുതി വരുമാനം

1-വസ്തു നികുതി

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ , നോൺറെസിഡൻഷ്യൽ ഇനങ്ങളിൽ വസ്തു നികുതി ഡിമാന്റ് 2444106/- രൂപയാണ്.

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പ്രതീക്ഷിത വരവ് 2880000/- രൂപയായിരുന്നു.വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈയിനത്തിലെ വരവ് 2436959/- രൂപയാണ്. ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 443041/- രൂപ വസ്തുനികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്.

2023 – 24 ലെ നികുതി പരിഷ്കരണം

22.03.2023 ലെ സ.ഉ (സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.05.2023 ലെ 11(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ SC3-1/2023 തി-05.06.2023 നമ്പറായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ പഴയ നിരക്കിലാണ് വസ്തുനികുതി ചുമത്തുന്നത്.

ഫീൽഡ്തല പരിശോധനകൾ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.06.2023 തിയ്യതിയിലെ 3-ാം നമ്പർ തീരുമാനപ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം നിലവിലെ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയവയുടെയും നികുതി നിർണ്ണയം നടത്താത്ത പുതിയ കെട്ടിടങ്ങളുടെയും പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം പുതുക്കിയ വസ്തുനികുതി നിരക്കിലേക്ക് കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുന്നതിനും ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വസ്തുനികുതി പുനർ നിർണ്ണയിച്ചത് വിജ്ഞാപനം ചെയ്തതല്ലാതെ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല

നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിച്ച കെട്ടിടങ്ങൾ രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട് . ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമമാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

2.തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. തൊഴിൽ നികുതി ഡിമാന്റ് 100 ശതമാനമാക്കുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് 2017-18 ഖണ്ഡിക- 2-2, 2021-22 ഖണ്ഡിക-1-11 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും നിലവിലും അപാകത ആവർത്തിക്കുന്നുണ്ട്.

കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന വേളയിൽ രണ്ടോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്നതായിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ നികുതി റിട്ടേൺ ആവശ്യപ്പെടുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. കച്ചവടക്കാരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കി വരുന്നത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വിവരങ്ങൾ രേഖപ്പെടുത്തിയത് അപൂർണ്ണമാണ്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന തൊഴിൽ നികുതി സംബന്ധിച്ച ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3.നികുതിയേതര വരവുകൾ

1.സംരംഭക ലൈസൻസ് .

വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1410 (ഓഡിറ്റ് വർഷം) ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ (26 വേക്കൻസി റെമിഷൻ) 494 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്.

2.ബിൽഡിംഗ് പെർമിറ്റ് /റെഗുലൈറെസേഷൻ

ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് ഇനത്തിൽ ഓഡിറ്റ് വർഷം 282 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയതിൽ 130 അപേക്ഷകൾ റെഗുലറൈസേഷനുള്ളതാണ്. റെഗുലറൈസേഷൻ ഫയലുകളിൽ അപാകതയുള്ളവ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235w പ്രകാരം യു.എ നമ്പർ നൽകി അനധികൃത നിർമ്മാണത്തിന് ബാധകമായ നിലയിൽ അധിക നികുതി ഈടാക്കിയിട്ടില്ല.അനധികൃത നിർമ്മാണം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തുന്നതിനായി യു.എ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 09-03-2016 ന് ശേഷം അനധികൃത നിർമ്മാണം സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

നികുതി നികുതിയേതര വരവിലെ അപാകതകൾ സംബന്ധിച്ച് 2020-21 ഖണ്ഡിക നം.1-12, 1-13 2021-22 വർഷത്തെ ഖണ്ഡിക 1-10, 1-11 റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

6. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

7. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

8. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

9. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-9 തൊഴിൽ നികുതി അപാകതകൾ

(1)സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല .

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1410 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവ ആണ്. 2022-23 വർഷത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ 26 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1384 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 354 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 494 ആണ്. അവശേഷിക്കുന്ന 890 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും റിട്ടേൺ വാങ്ങി തൊഴിൽനികുതി ഈടാക്കുന്നതായി കാണുന്നില്ല.

(2)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാ ർ, എൽ.ബി.എസുമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ വിവിധ കരാറുകാർ, ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസുമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 സംരംഭക ലൈസൻസ് -അപാകതകൾ

1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-13(2) ൽ പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ അപാകത പരിഹരിച്ചിട്ടില്ല.

2.ഫീൽഡ് പരിശോധന സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2023 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1410 (26 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 354 (5 വർഷത്തേക്ക് ലൈസൻസ് 59 ഉൾപ്പെടെ) സ്ഥാപനങ്ങളിലണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1410 കെട്ടിടങ്ങൾ ഉണ്ടെന്നിരിക്കെ 494 (26 വേക്കൻസി റെമിഷൻ) ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്.

മുൻവർഷങ്ങളെ അപേക്ഷിച്ച് ലൈസൻസ് ഫീ ഇനത്തിലും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് സംഭവിച്ചിട്ടുണ്ടെങ്കിലും സംരംഭകലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അത്തരം സ്ഥാപനങ്ങളിൽ ലൈസൻസ് എടുപ്പിക്കുന്നതിൽ സ്ഥാപനം പൂർണ്ണമായും പുരോഗതി കൈവരിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-11 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാവരെയും ഗ്രാമപഞ്ചായത്തിന്റെ ക്ഷേമപെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നില്ല. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്ന ഈ ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളുടെ മരണ വിവരം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ഉദാ- ശ്രീ.പൊക്കൻ (പെൻഷണർ ഐ.ഡി-110110100943) എന്നയാൾ 05-04-2022 തിയ്യതിയിൽ മരണപ്പെട്ടിരുന്നു. ടിയാൻ മരണപ്പെട്ട ശേഷം 2022 ഏപ്രിൽ മാസം മുതൽ 2022 സെപ്തംബർ മാസം വരെ കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ 8000/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടിയാന്റെ മരണവിവരം 18.10.2022 നാണ് ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ടിയാന്റെ മരണവിവരം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വരെ ടിയാന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്യപ്പെടുകയായിരുന്നു. ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്നത് യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

സർക്കാർ ഉത്തരവ് നം- 07/2020/ധന തിയ്യതി-23.10.2020 പ്രകാരം സർക്കാർ ജീവനക്കാർ, സർവ്വീസ് പെൻഷനർമാർ/കുടുംബ പെൻഷനർമാർ എന്നിവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റിയത് തിരികെ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം അനർഹമായി പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും മുഴുവൻ തുകയും തിരികെ ഈടാക്കിയിട്ടില്ല.

നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി അഗതി രഹിത കേരളം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ ചെലവഴിച്ച തുകയുടെയും, ഭൗതിക നേട്ടത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സേവന പാക്കേജിലെ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഭക്ഷണം | 121 | 2494800 | 1632579 |

| | | | | |
|---|---|---|---|---|
| 2 | വീട് | 65 | 26000000 | 14000000 |
| 3 | വീട് റിപ്പയറിങ്ങ് | 17 | 1700000 | 1450000 |
| 4 | ഭൂമി | 20 | 6000000 | 0 |
| 5 | കുടിവെള്ളം | 55 | 1820000 | 0 |
| 6 | കക്കൂസ് | 12 | 144000 | 144000 |
| 7 | വിദ്യാഭ്യാസം | 7 | 80500 | 10000 |
| 8 | ചികിത്സ | 92 | 216150 | 0 |

ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 121 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മൂന്ന് വർഷമാണ് പദ്ധതി കാലയളവ് എന്നിരിക്കെ സേവന പാക്കേജിൽ സൂചിപ്പിച്ച മുഴവൻ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിക്ക് ചാലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ച 1639283/- രൂപ ഉപയോഗിച്ച് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഈ തുക തീർന്നതിനാൽ പദ്ധതി വർഷം രണ്ട് ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. ഈ തുക 2023 ആഗസ്റ്റ് മാസം തീർന്നു. എന്നാൽ പിന്നീട് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടായിട്ടില്ല. പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിന് തുക അനുവദിക്കാമായിരുന്നു എന്നാൽ ഇതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിന് കുടുംബശ്രീ വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതായിരുന്നു. എന്നാൽ ഇത് രൂപീകരിച്ചിട്ടില്ല. പദ്ധതി കാലയളവ് പൂർത്തിയായിട്ടും മുഴവൻ ഗുണഭോക്താക്കൾക്കും സേവന പാക്കേജിൽ സൂചിപ്പിച്ച ആനുകൂല്യം ലഭിക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/23/05.10.23) മറുപടി നൽകിയിട്ടില്ല. പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പാക്കേജിൽ നിർദ്ദേശിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ മുഴവൻ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-13 ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങളിൽ വീഴ്ച

ഗ്രാമ പഞ്ചായത്തുകളുടെ ആസൂത്രണ പ്രക്രിയയിൽ ആസൂത്രണ സമിതിക്ക് സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട്. ഇതു സംബന്ധിച്ച് പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) 84/2022/തസ്വഭവ. തി.19.04.2022 ഖ.3 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ആസൂത്രണ സമിതിയുടെ പ്രധാന ചുമതല പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുകയും, ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുകയും ചെയ്യുക എന്നതാണ്. മറ്റ് പ്രധാന ഉത്തരവാദിത്തങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രൊജക്ടുകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ബാഹ്യസഹായ ഏജൻസികളുടെയും വികസന മിഷനുകളുടെയും വികസന പദ്ധതികളുമായുള്ള സംയോജന സാധ്യതകൾ കണ്ടെത്തുക

2. പദ്ധതി ആസൂത്രണത്തിനും ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക വികസനപദ്ധതിയിൽ തൽപ്പരരായ സ്റ്റേക്ക്ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക

3. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കാലാവസ്ഥ വ്യതിയാനം പ്രതിരോധിക്കുന്നതിനായി പ്രാദേശികമായി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ കണ്ടെത്തുന്നതിന് സഹായിക്കുക. എന്നിവയാണ്.

പദ്ധതിവർഷം ആസൂത്രണ സമിതി ഒരു യോഗം മാത്രമാണ് ചേർന്നത്. യോഗത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ വിവിധ പദ്ധതികൾ നിർദ്ദേശിക്കുക എന്ന പ്രവർത്തനം മാത്രമാണ് നടന്നിരിക്കുന്നത്. എന്നാൽ പദ്ധതികൾ നിർദ്ദേശിക്കേണ്ട പ്രവർത്തനം നടക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. ആസൂത്രണ സമിതിയുടെ ചുമതലകൾ സംബന്ധിച്ച് മാർഗ്ഗരേഖയിൽ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങളിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/23/05.10.23) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിലെ ആസൂത്രണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ട കമ്മിറ്റിയാണ് ആസൂത്രണ സമിതി. എന്നാൽ ഇത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 കന്നുകുട്ടി പരിപാലനം വിശദാംശങ്ങൾ ലഭ്യമല്ല

പദ്ധതി വർഷം കന്നുകുട്ടി പരിപാലനത്തിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. | 120/23 |
| അടങ്കൽ | 625000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 625000/- |
| ബിൽ നമ്പർ/തീയതി | 521/23/28.1.23 |

മേൽ പദ്ധതിയിലുൾപ്പെടുത്തി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് തുക കൈമാറിയിട്ടുണ്ട്. കന്നുകുട്ടികളുടെ എണ്ണം, ഓരോ കന്നുകുട്ടിയ്ക്കും വകയിരുത്തിയ തുക എന്നീ വിശദാംശങ്ങൾ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിശദാംശങ്ങൾ ഇല്ലാതെ വെറ്റിംഗ് ഓഫീസർ ഈ പ്രൊജക്ടിന് എങ്ങനെ അംഗീകാരം നൽകി എന്നത് വിശദീകരിക്കേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/23/ 05.10.23) മറുപടി നൽകിയിട്ടില്ല. ജനുവരി 2023 ൽ നൽകിയ തുക മുഴുവൻ വിനിയോഗിച്ച് പദ്ധതി പൂർത്തിയാക്കിയ ശേഷം രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ പദ്ധതിക്ക് ചെലവഴിച്ച 625000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 1-15 ഉദ്യോഗസ്ഥരുടെ അഭാവം കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു

കഴിഞ്ഞ ആറ് വർഷക്കാലമായി കൃഷി ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതു മൂലം കാർഷിക മേഖലയിലെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കുന്നില്ല. ഒരു കൃഷി ഓഫീസറും മൂന്ന് അസിസ്റ്റന്റുമാരാണ് ഓഫീസിൽ വേണ്ടത്. എന്നാൽ വർഷങ്ങളായി മുഴുവൻ ജീവനക്കാരുടെയും സേവനം ലഭിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ ഇവിടുത്തെ ജനങ്ങളുടെ മുഖ്യ സാമ്പത്തിക സ്രോതസ്സായി കാർഷിക മേഖലയെയാണ് പരാമർശിച്ചിരിക്കുന്നത്. ജില്ലയിലെ കിഴക്കൻ മലയോര മേഖലയിൽ ഉൾപ്പെടുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്തിൽ കാർഷിക മേഖലയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി ജീവനക്കാരുടെ അഭാവം മൂലം പദ്ധതി പ്രവർത്തനങ്ങൾ താളം തെറ്റുകയും ഇതുവഴി കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ ലക്ഷ്യം കാണാതെ പോവുകയും ചെയ്യുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| 2018-19 | 2479723 | 1357613 | 55 |
| 2019-20 | 1920083 | 547550 | 28 |
| 2020-21 | 5405200 | 1344940 | 25 |
| 2021-22 | 2243853 | 1796771 | 80 |
| 2022-23 | 777550 | 291425 | 37 |

കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം ശരാശരിയിലും താഴെയാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഈ കാലയളവിൽ മിക്കപ്പോഴും എംപ്ലോയ്മെന്റ് മുഖേന നിയമിച്ച കൃഷി ഓഫീസർമാരോ അല്ലെങ്കിൽ അടുത്തുള്ള പഞ്ചായത്തിലെ കൃഷി ഓഫീസർമാർക്ക് ചാർജ് കൊടുക്കുകയോ ആയിരുന്നു ചെയ്തത്. മൂന്ന് കൃഷി അസിസ്റ്റന്റുമാർ വേണ്ട സ്ഥാനത്ത് വർഷങ്ങളായി ഒരു കൃഷി അസിസ്റ്റന്റ് മാത്രമാണുള്ളത്. ഇയാൾക്ക് ആഴ്ചയിൽ രണ്ട് ദിവസം പച്ചത്തേങ്ങ സംഭരണ ഡ്യൂട്ടി ഉണ്ട്. ഫലത്തിൽ കർഷകർക്ക് കൃഷി ഉദ്യോഗസ്ഥരുടെ ഫീൽഡ് തല സേവനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. 01.01.2020ന് ചേർന്ന കാർഷിക മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടിയുണ്ടായിട്ടില്ല.രണ്ട് കൃഷി അസിസ്റ്റന്റുമാരെ എംപ്ലോയ്മെന്റ് മുഖേനയോ, താല്ക്കാലികടിസ്ഥാനത്തിലോ നിയമിക്കാനുള്ള നടപടികളുണ്ടായിട്ടില്ല. ദീർഘകാലമായി ആവശ്യത്തിന് ജീവനക്കാരില്ലാതെ പദ്ധതികൾ ലക്ഷ്യം കാണാതെ പോകുന്ന അവസ്ഥക്ക് പരിഹാരമുണ്ടാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-29 ൽ ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയുടെ പ്രാധാന്യത്തെക്കുറിച്ചും സാധ്യതകളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് തിരിച്ചറിഞ്ഞ് പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/23/05.10.23) മറുപടി നൽകിയിട്ടില്ല. കൃഷി ഓഫീസിൽ ആവശ്യമായ ജീവനക്കരെ നിയമിക്കേണ്ടതും, കാർഷിക മേഖലയിലെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

### 1-16 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് - ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതും മറ്റ് അപാകതകളും

ഗ്രാമ പഞ്ചായത്തിൽ 1998 മുതൽ കൈവേലി ടൗണിന് സമീപം ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഒരു ടീച്ചറും, ആയയുമാണ് ഇവിടുത്തെ ജീവനക്കാർ. സ.ഉ (കൈ)

നം.115/2022 തസ്വഭവ തി.28.05.2022 പ്രകാരമുള്ള മാർഗ്ഗരേഖ ഖ.7.1.8 (3) ൽ ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരെ നിയമിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമില്ല. പഞ്ചായത്തിലെ സാംസ്കാരിക നിലയത്തോടനുബന്ധിച്ച കെട്ടിടത്തിലാണിത് പ്രവർത്തിച്ച് വരുന്നത്. ഈ കെട്ടിടത്തിൽ ആവശ്യമായ സൗകര്യം ഇല്ല. സ്ഥാപനത്തിന് സ്വന്തമായി വാഹനം ഇല്ല. കുട്ടികളെ രക്ഷിതാക്കൾ സ്ഥാപനത്തിലെത്തിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ ഇവിടെ 20 കുട്ടികളാണ് പഠിച്ച് കൊണ്ടിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ മാനസിക വൈകല്യമുള്ള 85 കുട്ടികൾ ഉണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഇവർക്ക് മുഴുവൻ സ്ഥാപനത്തിന്റെ സേവനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല.

സ്ഥാപനത്തിലേക്ക് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നത് മുള്ളമ്പത്ത് ടൗണിലുള്ള മാവേലി സ്റ്റോറിൽ നിന്നാണ്. സ്ഥാപനത്തിനടുത്ത് കൈവേലി ടൗണിൽ മാവേലി സ്റ്റോർ പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ ഇവിടെ നിന്നും സാധനങ്ങൾ വാങ്ങാതെ നാല് കിലോമീറ്റർ അകലെയുള്ള മുള്ളമ്പത്ത് ടൗണിലെ മാവേലി സ്റ്റോറിൽ നിന്നും വാങ്ങുന്നതുമൂലം സാധനങ്ങളുടെ കടത്തുകൂലി ഇനത്തിൽ പഞ്ചായത്തിന് അധിക ചെലവു വരുന്നുണ്ട്. ഇതൊഴിവാക്കാൻ സാധനങ്ങൾ കൈവേലി ടൗണിലെ മാവേലി സ്റ്റോറിൽ നിന്നും വാങ്ങുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-12 ൽ ഈ സ്ഥാപനത്തിന്റെ ശോച്യാവസ്ഥ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് ശാശ്വതമായ പരിഹാരം കാണാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നത് ഗൗരവമായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/23/05.10.23) മറുപടി നൽകിയിട്ടില്ല. സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിന് പ്രഥമ പരിഗണ നൽകി ആയത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 മൃഗ സംരക്ഷണ മേഖലയിൽ മാനദണ്ഡങ്ങൾക്ക് പാലിക്കാതെ സബ്സിഡി തുക സഹകരണ ബേങ്കുകൾക്ക് കൈമാറുന്നു

പദ്ധതി വർഷം മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ ചില പദ്ധതികൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് നടപ്പാക്കിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത് പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.കറവപ്പശു വിതരണം (വനിത)

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 78/23 |
| അടങ്കൽ | 2940000/- |
| ഫണ്ട് | വികസന ഫണ്ട് |

| | |
|---|---|
| ചെലവ് | 1440000/- |
| ബിൽ നമ്പർ/തീയതി | 434/23/31.3.23 |

പദ്ധതിയിൽ 49 ഗുണഭോക്താക്കൾക്ക് കറവപ്പശുവിനെ വാങ്ങുന്നതിന് 30000 രൂപ വീതം സബ്സിഡി ഇനത്തിൽ അനുവദിച്ചു. സബ്സിഡി തുക കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിന്റെ മുള്ളമ്പത്ത് ശാഖയിലേക്കാണ് നൽകിയത്. സ.ഉ (കൈ) നം.115/2022/തസ്വഭവ തി.28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.6.3.33(4) പ്രകാരം ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഇവിടെ ഗുണഭോക്തൃ വിഹിതമിനത്തിൽ ഗുണഭോക്താക്കൾ ചെലവഴിക്കേണ്ട തുക ബാങ്ക് ലോണായി അനുവദിച്ചതിനാൽ സബ്സിഡി ബാങ്കിന് കൈമാറുകയാണുണ്ടായത്. സബ്സിഡി തുക ഉരുവിനെ വിറ്റയാളുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതിന് പകരം ബാങ്കിന് നൽകിയത് ശരായായ നടപടിയല്ല. ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയ മുഴുവൻ തുകയും ചെലവഴിച്ചോ എന്നത് പരിശോധിക്കുന്നതിലേക്ക് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .

2.പോത്തുകുട്ടി വാങ്ങൽ

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 46/23 (S.o) |
| അടങ്കൽ | 800000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 176000/- |
| ബിൽനം. തി. | 5030/23/28.3.23 |

2021-22 ൽ ആരംഭിച്ച് സ്പിൽ ഓവറായി തുടർന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് 8000/- രൂപ വീതമാണ് സബ്സിഡി അനുവദിച്ചത്. ഗുണഭോക്തൃ വിഹിതം ഇനത്തിലെ 8000/-രൂപ ബാങ്ക് ലോണായി അനുവദിക്കാമെന്ന വ്യവസ്ഥയിൽ സബ്സിഡി ബാങ്കിലേക്ക് അനുവദിച്ചു. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മുഴുവൻ തുകയും ചെലവഴിച്ചോ എന്ന് വ്യക്തമല്ല.

3.ആട് വളർത്തൽ (വനിത)

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 121/23 |
| അടങ്കൽ | 1600000/- |

| | |
|---|---|
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 800000/- |
| ബിൽ നമ്പർ/തീയതി | 902/23/28.3.23 |

മേൽ പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് രണ്ട് പെണ്ണാടുകളെ വാങ്ങുന്നതിന് യൂണിറ്റൊന്നിന് പതിനായിരം രൂപ വീതം ആനുകൂല്യം നൽകി. ഗുണഭോക്തൃ വിഹിതം ഇനത്തിലെ 10000/-രൂപ ബാങ്ക് ലോണായി അനുവദിച്ചതിനാൽ സബ്സിഡി തുക ബാങ്കിലേക്ക് അനുവദിച്ചു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തുക മുഴുവൻ ചെലവഴിച്ചോ എന്നത് വ്യക്തമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2018-19 ലെ ഓഡിറ്റ് ഖണ്ഡിക 1-26 ൽ റിപ്പോർട്ട് സമാനമായ അപാകതകൾ സംബന്ധിച്ച് പരാമർശിച്ചിരുന്നു. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾ വീണ്ടും ആവർത്തിക്കുന്നതായി കാണുന്നു. ഈ കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പദ്ധതികളിലെ സബ്സിഡി തുകകൾ പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സഹകരണ ബാങ്കിന് അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23/ 05.10.23) മറുപടി നൽകിയിട്ടില്ല. ബാങ്കിന് കൈമാറിയ സബ്സിഡി തുക മുഴുവൻ ഗുണഭോക്താക്കൾക്ക് കൈമാറിയോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. സബ്സിഡി കൈമാറാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പദ്ധതികൾക്കായി ചെലവഴിച്ച 2416000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-18 റോഡുകൾക്ക് ഓവുചാൽ നിർമ്മാണം- ഉപയോഗിച്ച ഇനങ്ങളുടെ ആവശ്യകത വ്യക്തമല്ല

നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവ്വഹിച്ച ചില റോഡ് പ്രവൃത്തികളുടെ/റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ഓവുചാൽ നിർമ്മാണവും നടത്തി തുക ചെലവഴിച്ചിട്ടുണ്ട്.(ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു) എസ്റ്റിമേറ്റ് പരിശോധിച്ചതിൽ മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 11.1.1.1 പ്രകാരമുള്ള മൺപണി നടത്തി ചാൽ കീറിയതിനുശേഷം ഇനം 11.4.1.1 പ്രകാരമുള്ള 1:3:6 അനുപാതത്തിലുള്ള PCC (കോൺക്രീറ്റ്) പ്രവൃത്തിയും അതിനുമുകളിലായി ഇനം 75.8.1.1.A പ്രകാരമുള്ള 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് വെയറിംഗ് കോട്ടിനും പ്രൊവിഷൻ വയ്ക്കുകയും ഇത് നിർവ്വഹിച്ച് തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വെയറിംഗ് കോട്ട് ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ 1:4:8 അനുപാതത്തിലുള്ള PCC മതിയെന്നിരിക്കെ കൂടുതൽ ചെലവേറിയ 1:3:6 കോൺക്രീറ്റിംഗ് ഉൾപ്പെടുത്താനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-19 ഇ ടെണ്ടർ - ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ സമ്പ്രദായത്തിലേക്ക് മാറിയതിനുശേഷം നാളിതുവരെ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക സ്ഥാപനത്തിന്റെ തനത്ഫണ്ടിലേക്ക് മുതൽ

കൂട്ടിയിട്ടില്ല. 14.9.21 വരെ കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കും മേൽ തീയതിക്ക ശേഷം എസ് ബി ഐ ചീക്കോന്നമ്മൽ ശാഖയിൽ ആരംഭിച്ച 40440238070 നമ്പർ അക്കൗണ്ടിലേക്കുമാണ് ഫീസ് ക്രഡിറ്റായത്. ഇ-ടെണ്ടർ സംവിധാനം ആരംഭിച്ചതിനുശേഷം കളയുന്ന പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതുവരെ എത്ര രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ടെന്ന് ഓഡിറ്റിന് വ്യക്തമായിട്ടില്ല. തുക ലഭിക്കാൻ പല പ്രാവശ്യം മേൽ ഓഫീസുമായി കത്തിടപാടുകൾ നടത്തിയെങ്കിലും തുക ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റിന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേല്പറഞ്ഞ അക്കൗണ്ടിൽ 16.2.23 ന് 187247/-രൂപ ക്രെഡിറ്റായതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. ഈ തുകയുടെ ഉറവിടം വ്യക്തമാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇത് പരിശോധിക്കേണ്ടതും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിച്ച തുകയാണെങ്കിൽ ലഭിക്കേണ്ട തുക തന്നെയാണ് ലഭിച്ചതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

മേൽ പറഞ്ഞ അക്കൗണ്ടിൽ മേൽ തുക ഉൾപ്പെടെ 13.9.23 ന് 319154/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. സമയബന്ധിതമായി പഞ്ചായത്ത് ഫണ്ടിലേക്ക് തുക കൈമാറാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ, ഫീസ് ലഭിക്കുന്നതിനനുസരിച്ച് ഈ ഇനത്തിൽ വർഷങ്ങളായി അക്കൗണ്ടിൽ ഡിമാന്റ് അക്രൂ ചെയ്യാത്തതിനാൽ മേൽ തുക മുഴവൻ പഞ്ചായത്ത് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല. ലഭിക്കേണ്ട തുക മുഴവൻ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ലെന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-20 അക്കൗണ്ട്സ്-തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ രേഖപ്പെടുത്തുന്നത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്കനുസൃതമല്ല

തനത് ഫണ്ടിൽ നിന്നും റവന്യൂ ചെലവുകൾ വഹിക്കുമ്പോൾ അവ സാംഖ്യ സോഫ്റ്റ്‌വെയറിൽ ചെലവായി രേഖപ്പെടുത്തുന്നതിൽ അക്കൗണ്ടിംഗ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചട്ടം 27 ൽ ചെലവുകളുടെ അക്കൗണ്ടിംഗ് എങ്ങിനെയെന്ന് വിശദമാക്കുന്നുണ്ട്. ഇത് താഴെ കൊടുത്ത പ്രകാരമാണ്.

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും വർക്ക് ഓർഡർ /സപ്ലൈ ഓർഡർ/ഇന്റന്റ് പരിശോധിച്ച ശേഷം ക്രമത്തിലാണെന്ന് ബോധ്യപ്പെട്ടാൽ ഒരു ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണ്. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ കാര്യത്തിലും വർക്ക് ഓർഡറിന്റേയും കരാറുകാരന്റെ ബില്ലിന്റേയും പിൻബലത്തോടെയുള്ള സാധനങ്ങളും സേവനങ്ങളും ലഭിച്ചത് സംബന്ധിച്ച ചെലവുകളുടെ കാര്യത്തിലും മാത്രമേ ഇത്തരം അക്രൂവൽ പതിവായി രേഖപ്പെടുത്തുവാൻ പാടുള്ളൂ. മറ്റ് റവന്യൂ ചെലവുകളുടെ കാര്യത്തിൽ പണം നല്കുമ്പോൾ മാത്രമേ ചെലവ് രേഖപ്പെടുത്താവൂ. കൊടുത്തു തീർക്കാൻ ബാക്കിയുള്ള തുകകൾ വർഷാന്ത്യത്തിൽ മാത്രമേ അക്രൂ ചെയ്യേണ്ടതുള്ളൂ.

വ്യവസ്ഥ ഇതായിരിക്കെ തനത്ഫണ്ടിൽ നിന്നുള്ള എല്ലാ റവന്യൂ ചെലവുകളും ജേണൽ വഴി അക്രൂ ചെയ്ത് ബാധ്യതയാക്കി മാറ്റി ഈ ബാധ്യത തീർക്കുന്ന തരത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്രൂ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തവയൊഴികെയുള്ള റവന്യൂ ചെലവുകൾ വർഷാന്ത്യത്തിൽ നല്കാൻ ബാക്കിയാകുന്നുവെങ്കിൽ മാത്രം അക്രൂ ചെയ്താൽ മതിയെന്നിരിക്കെ നിലവിൽ അക്കൗണ്ട് ചെയ്യപ്പെടുന്നത് മേൽ ചട്ടത്തിന് വിരുദ്ധമാണെന്നു കാണാം. എല്ലാ റവന്യൂ ചെലവുകളും മറ്റ് ക്രഡിറ്റേഴ്സിന് നല്കാനുള്ള തുക (Amount Payable To Other Crediters) എന്ന ബാധ്യത ഹെഡ്ഡിൽ രേഖപ്പെടുത്തുന്നതിനാൽ തുക ആർക്ക് എന്തിനുവേണ്ടി നല്കിയെന്ന് ഭരണസമിതിയംഗങ്ങൾ ഉൾപ്പെടെയുള്ള സ്റ്റേക്ക് ഹോൾഡർമാർക്ക് കണക്കുകളിൽ നിന്നും തിരിച്ചറിയാൻ കഴിയാതെ വരുന്നു.

മേൽ സാഹചര്യത്തിൽ ചട്ടങ്ങൾക്ക് വിരുദ്ധമായും സുതാര്യത പ്രത്യക്ഷത്തിൽ ബോധ്യപ്പെടാത്ത തരത്തിലും കണക്കുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് നേരിട്ട് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ കഴിയില്ലെങ്കിലും അപാകത ബന്ധപ്പെട്ട വേദികളിൽ

ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതായിരുന്നു എന്ന കാര്യം കൂടി ശ്രദ്ധയിൽ പെടുത്തുന്നു.

1-21 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ മിക്കവാറും റോഡ് പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് തുക |
|---|---|---|
| 1 | 107/23-മാവുള്ള ചാലിൽ മൊട്ടേമ്മൽ കായക്കുൽ റോഡ് അറ്റകുറ്റപ്പണി | 767615 |
| 2 | 98/23-പുള്ളിപ്പാറ മരിയഗിരി റോഡ് അറ്റകുറ്റപ്പണി | 899900 |
| 3 | 118/23- കളരിയിൽ മുക്ക് പാറക്കൽ താഴ റോഡ് അറ്റകുറ്റപ്പണി | 599801 |
| 4 | 150/23-ഒരപ്പിൽ മുക്ക് വാണിമേൽ പാലം റോഡ് അറ്റകുറ്റപ്പണി | 899584 |
| 5 | 153/23-കോറോത്ത് മുക്ക് മണ്ടോക്കണ്ടി റോഡ് | 999400 |

ഈ റോഡ് ടാറിംഗ് പ്രവൃത്തികൾകൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാനുൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Nomber 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20mm സെ.മി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും(material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydrolic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ , അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനേയും(durability) നിമ്നോന്നതയുടെ (Undulations) ടോളറൻസ്(tolerance) പരിമിതമാണെന്ന് ഉറപ്പ് വരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3 ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features)വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E

(H) ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

റോഡുകളുടെ നിർമ്മിതി - കുറഞ്ഞ ചെലവും ഗുണമേന്മയും മുൻ നിർത്തി MSS (മെക്കാനിക്കൽ) രീതി അവലംബിക്കേണ്ടതാണ്

മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീൽ കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇത് പരിഗണിക്കുമ്പോൾ 2016 ലെ നിരക്ക് കണക്കാക്കിയാൽ 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് ഏകദേശം 32% രൂപയുടെ അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS) എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്ന തരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണ ശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations), മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്, ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് -6 Mm മാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരമാവധി + 10mm ഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ +10mm ഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ

അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

ഇക്കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

1-22 തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് ഫയലുകൾ/വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും നടപടിക്രമങ്ങൾ ആരംഭിക്കുന്നത് തന്നെ ചെലവിനുള്ള ക്ലെയിം (ബിൽ, പേയ്മെന്റ് റിക്വസ്റ്റ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോഴാണ്. ഇതുകൊണ്ട് തന്നെ പേയ്മെന്റ് സമയത്ത് പേയ്മെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ/ സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ വിന്യസിപ്പിച്ചിട്ടും ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ലെന്നത് വീഴ്ചയാണ്. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേയ്മെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽനോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/ എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്. ഒരു അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകം മാത്രമാണ് തുക സ്വീകരിക്കുന്നതോ, ചെലവഴിക്കുന്നതോ എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേയ്മെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെലവിനം | ചെലവ് തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | ഓഫീസിൽ വാഷ് ബേസിൻ സ്ഥാപിച്ചത് | 9500 | 22200350/15.09.22 |
| 2 | നാഷണൽ പഞ്ചായത്ത് അവാർഡിനായി വീഡിയോ തയ്യാറാക്കിയതിന് | 12000 | 22200923/10.03.23 |

കൂടാതെ ചെലവുകൾ വഹിക്കുന്നതിനുള്ള ഫയലുകളിലെ നോട്ട് തയ്യാറാക്കുന്നതിലും വീഴ്ചയുണ്ട്. കുറിപ്പുകളിലെവിടേയും ചെലവിന്റെ ആവശ്യകതയോ വിശദാംശമോ, ഫയൽ ആരംഭിക്കുന്ന സെക്ഷനോ സൂപ്പർവൈസർമാരോ രേഖപ്പെടുത്തുന്നില്ല. സോഫ്റ്റ്‌വെയറിൽ ലഭ്യമായ ടെംപ്ലേറ്റിലെ (Template) വാക്കുകൾ ആവർത്തിക്കുക മാത്രമാണ് നോട്ട് ഫയലിൽ ചെയ്യുന്നത്

തനത് ചെലവുകൾ വഹിക്കുന്നതിലെ മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1-23 കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്ന മറ്റ് മേഖലകൾ. വിശദാംശം താഴെ കൊടുക്കുന്നു.

സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

പിഴ സംബന്ധിച്ച അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. 2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനു മുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PAC യുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പിരീയഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നു മാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും

പ്രവൃത്തി വിവര പട്ടിക, പ്രവർത്തന കലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭവ്യമാണെന്ന് കാണാം. ഉദാഹരണമായി ഓഡിറ്റ് വർഷം രൂപീകരിച്ച 6 പ്രൊജക്ടുകൾക്ക് കരാർ വച്ചിരിക്കുന്നത് 16.3.23 തീയതിക്ക് ശേഷമാണ്. എന്നാൽ ഈ പ്രവൃത്തികളെല്ലാം 31.3.23 ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാർ ഉറപ്പ് നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകത പരിഹരിച്ച് കരാറുകളിലെ വ്യവസ്ഥകൾ കാലികമാക്കി മാത്രം തുടർന്നുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-24 കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള നരിപ്പറ്റ എഫ്.എച്ച്.സി - ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ രൂപീകരിച്ചത് മുതൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രോഗികളിൽ നിന്ന് വാങ്ങുന്ന ഒ.പി ടിക്കറ്റ് ചാർജ്, വിവിധ ലാബ് ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുകകൾ, മറ്റ് വരുമാനങ്ങൾ എന്നിങ്ങനെ നിലവിൽ എച്ച്.എം.സി യുടെ വരുമാനം വർധിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിക്കപ്പെടാതെയിരിക്കുന്നത് ശരിയായ നടപടിയല്ല. വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 പുഴ പുറമ്പോക്ക് സംരക്ഷണത്തിൽ വീഴ്ച

ശ്രീമതി ചന്ദ്രി കെ.പി 23.01.2020 ന് ജില്ലാ കലക്ടർക്ക് നൽകിയ പരാതിയിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ൽ നരിപ്പറ്റ വില്ലേജിൽ സർവ്വെ നമ്പർ 73 ൽ ഉൾപ്പെട്ട ഏകദേശം 4 ഏക്കർ റവന്യൂ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയതായി പരാതിപ്പെട്ടിട്ടുണ്ട്. 20.06.2023 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വടകര തഹസിൽദാർക്ക് (ഭൂരേഖ) അയച്ച കത്തിൽ വില്ലേജ് ജീവനക്കാരും ഗ്രാമപഞ്ചായത്ത് ജീവനക്കാരും സംയുക്തമായി നടത്തിയ പരിശോധനയിൽ പുഴ പുറമ്പോക്ക് ഭൂമി കണ്ടെത്തിയതായും കയ്യേറ്റം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മേൽപ്പറഞ്ഞ പുഴപുറമ്പോക്കിന്റെ അതിരുകൾ നിർണയിക്കുകയോ ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പടിഞ്ഞാറും വടക്കും വാണിമേൽ പുഴ അതിരുകളായിട്ടുള്ള നരിപ്പറ്റ ഗ്രാമപഞ്ചായത്ത് ധാരാളം പുഴ പുറമ്പോക്ക് ഭൂമിയുള്ള ഗ്രാമപഞ്ചായത്താണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാ ജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ

നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും നിർവ്വഹിക്കുന്നതിന് സഹായകമാകും വിധം ഗ്രാമപഞ്ചായത്ത് പുഴപുറമ്പോക്കുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയോ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി എത്രയെന്നത് സംബന്ധിച്ച യാതൊരു രേഖയും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പുഴ-പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതു സംബന്ധിച്ച് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ( ഖണ്ഡിക1-14) പരാമർശിച്ചിരുന്നെങ്കിലും അപാകത പരിഹരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 242-ാം വകുപ്പും 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെ സഹായം ലഭ്യമാക്കി, പുഴ പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-26 പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളിലെ അപാകതകൾ

പദ്ധതി വർഷം പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | സാന്ത്വന പരിചരണം |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (FHC) |
| പ്രൊജക്റ്റ് നമ്പർ | 11/22-23 |
| അടങ്കൽ | 685000 |
| ഫണ്ട് | വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | 664313 |

കിടപ്പിലായ രോഗികൾക്ക് പരിചരണം നൽകുന്നതിനായി ഗ്രാമ പഞ്ചായത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. രജിസ്റ്റർ ചെയ്ത 178 രോഗികളാണുള്ളത്. ഇതിൽ ഹോംകെയർ നൽകുന്നത് 100 രോഗികൾക്കാണ്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ.ഉ(സാധാ) നം.553/2019/തസ്വഭവ. തി.07.03.2019 പ്രകാരം സർക്കാർ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരൽ തദ്ദേശഭരണ സ്ഥാപനം/സബ്സെന്റർ/വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഒത്തുചേരലുകൾ രോഗികൾക്കും കുടുംബാംഗങ്ങൾക്കും അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരസ്പരം പങ്കുവെക്കാനും ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ ആത്മവിശ്വാസം ലഭിക്കുവാനും ഉപകരിക്കും. എന്നാൽ പാലിയേറ്റീവ് പദ്ധതി തുടങ്ങിയതിന് ശേഷം ഇത്തരത്തിൽ ഒരു സംഗമം സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 28.09.2023 – 29.09.2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | 11/22-23.സാന്ത്വന പരിചരണം | 100000 | 0 |
| | 2022-23 | 119574 | 89/22-23.ലൈഫ് ഭവനപദ്ധതി-പട്ടികജാതി | 119574 | 0 |
| | 2022-23 | 200000 | 36/22-23.ലൈഫ് ഭവനപദ്ധതി-എസ്.ടി | 200000 | 0 |
| | 2022-23 | 125426 | 125/22-23.ലൈഫ് ഭവനപദ്ധതി | 125426 | 0 |
| | 2022-23 | 750000 | 90/22-23.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും | 750000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 500000 | 62/22-23 വള്ളിത്തറ കുടിവെള്ള പദ്ധതി പൂർത്തീകരണം | 500000 | 0 |
| | 2022-23 | 150000 | 114/22-23. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 250000 | 89/22-23 ലൈഫ് ഭവനപദ്ധതി-പട്ടികജാതി | 250000 | 0 |
| | 2022-23 | 90000 | 36/22-23 ലൈഫ് ഭവനപദ്ധതി-എസ്.ടി | 90000 | 0 |
| | 2022-23 | 100000 | 35/22-23 ലൈഫ് ഭവനപദ്ധതി-എസ്.സി | 100000 | 0 |
| | 2022-23 | 250000 | 90/22-23 ശാരീരിക മാനസിക വെല്ല വിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും | 250000 | 0 |
| | 2022-23 | 967358 | 52/22-23 മോഡൽ അങ്കണവാടി തിന്നൂര് | 967358 | 0 |
| | 2022-23 | 199952 | 114/22-23. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 199952 | 0 |
| | 2022-23 | 1000000 | 125/2-23 ലൈഫ് ഭവനപദ്ധതി | 1000000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ തീയതി- 18/08/2018 | | 20492000 | 2044013 | | 18447987 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2578178 |
| തൻവർഷം നിക്ഷേപിച്ച തുക | 219146 |
| ആകെ | 2797324 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2797324 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്, കക്കട്ടിൽ (FD Receipt No- 109060003793) | 04.02.2023 | 1 | 1398662 | |
| 2 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 04.02.2023 | 1 | 1398662 | |

| | | | | | |
|---|---|---|---|---|---|
| | ലിമിറ്റഡ്, കക്കട്ടിൽ (FD Receipt No-109060003793 ) | | | | |
| ആകെ | | | | 2797324/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 420/-രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 2-3 | 420 | സെക്രട്ടറി | 1220100835/26.07.2022 |
| | ആകെ തുക | 420 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 (മറ്റ് പരാമർശം) | 11.14 | പൂർത്തീകരിക്കാത്ത ജലസേചന പദ്ധതി | തുടരുന്നു |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.14 | കല്ലുമ്മൽ-പാറേന്റ മീത്തൽ റോഡ് | തുടരുന്നു |
| 1998-99 | 1 | 2004-05 (പൊതു പരാമർശം) | 11.1.2.1 | ബജറ്റിന്റെ കോപ്പി, മിനുട്സ് ബുക്ക് എന്നിവ ഹാജരാ | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ക്കിയില്ല | |
| 2015-16 | 2-1 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി അപാകതകൾ | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 9(1) | ശ്രീ.ഐ നാരായണൻ | എൽ. എഫ്. 14146/ SP Cell. Sc4/ 2000/ 20.10.01 | 295 | | - | - | - | | 295 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(റസീറ്റ്&പേയ്മെന്റ് പ്രകാരം) | : | 46870302 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(റസീറ്റ്&പേയ്മെന്റ് പ്രകാരം) | : | 36193824 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3041000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 625000 | ഡോ.ആലിക്കുട്ടി,വി,വെറ്ററിനറി സർജൻ |
| 1-17 | 2416000 | ഡോ.ആലിക്കുട്ടി,വി,വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആലിക്കുട്ടി.വി, വെറ്ററിനറി സർജൻ | ലഭ്യമാക്കിയിട്ടില്ല | വള്ളിക്കാട്ടിൽ, പൊന്നാനി,മലപ്പുറം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷി | തീർപ്പാക്കാൻ അവശേഷി |
|---|---|---|---|

| | കത്തിടപാടിന്റെ വിവരം | കുന്ന ഖണ്ഡികകളുടെ എണ്ണം | കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1999-00 ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(4) തി.27.04.2023 | 2 | 8,1,(ഡി.സി.ബി) (സമാഹൃതം) |
| 1999-00 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(4) തി.26.08.2020 | 4 | 8,9,16,17 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി6/1689(17)/ 2011 തി.06.12.2011 | 8 | 3,4,5,6,9,10,11,12 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(19)/2011 തീയതി 08.12.2011 | 7 | 3,4(1),4(2),5,7, 11, 12 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 9) തി.27.04.2023 | 2 | 3-10,3-13(1,2) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 10) തി.27.04.2023 | 3 | 3-8,3-14, 3-15 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 11) തി.27.04.2023 | 8 | 3-1,3-4,3-9,3-10, 3-11,3-12, 3-13,3-16(എ) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 13) തി.27.04.2023 | 3 | 3-6,3-7, 3-8 |
| 2010-11 &11-12 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 14) തി.27.04.2023 | 8 | 3-3, 3-4, 3-6, 3-8,3-9,3-12, 3-10,3-13 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 15) തി.27.04.2023 | 8 | 3-6,3-7,3-9,3-11, 3-13,3-14,3-22, 3-20 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 16) തി.27.04.2023 | 6 | 3-1,3-4(1),3-5, 3-12,3-14,3-15 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 17) തി.27.04.2023 | 5 | 2-1,2-3,3-2, 3-3(1,2),3-1 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022( 18) തി.27.04.2023 | 5 | 3-1,3-2, 3-8, 3-10, 3-13 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി3/1069/ 2022(1) തി.27.04.2023 | 13 | 1-10,1-12(1-2),2-5, 3-3,3-6,3-7,3-8, 3-9,3-10,3-13, 3-14,3-16, 3-17 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/1069/ 2022(2) തി.27.04.2023 | 12 | 1-5(1,2,3,5,6), 1-6(1,3),1-10,1-13, 1-16,1-20,1-22, 1-23,1-27(2), 1-27(3),1-29,1-30 |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1822/ 2022 തി-03.12.2022 | 26 | 1-1,1-3(1), 1-3(3), 1-3(4), 1-3(5), 1-3(7), 1-3(8), 1-4, 1-5(ബി),1-5(ഡി), 1-6(1),1-6(2),1-8, 1-10,1-11,1-13,1-14, 1-15(2),1-15(3), 1-16,1-17, 1-18, 1-20,1-21,1-24,1-25 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി3/1003/ 2022 തി-21.06.2022 | 28 | 1-1 To 1-28 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി3/343/ 2023 തി-23.03.2023 | 28 | 1-1, 1-2-1, 1-4-1, 1-3, 1-6, 1-7, 1-8, 1-9 മുതൽ 1-27 വരെ 4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 06-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Naripatta Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Naripatta Grama Panchayat for the year 2022-2023

Date: 01/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Naripatta Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1.The following mandatory financial statements prescribed in
accounting rules are not submitted for audit

eg-Ratios
2.Cashflow statement-Net increase/decrease in cashflow does not match
with the difference between
the opening balance and and closing balance of cash and cash equivalence
3.Cheque deposited but not credited

4.Payment voucher missclassification

5.The following registers are not maintained

eg-Loan register,Investment register

6.E-tender fee not accounted

7.Contrary of accounting rules 2011

8.Lapses in making timely and accurate demand entries

9.Depreciation not provided for an asset

10.Mismatch of expenses in ACR and AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്